**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 565** **23-06-2026-ൽ മറുപടിയ്ക്ക്**

## **സഹകരണ മേഖലയിലെ വിവിധ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. രാജൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ വകുപ്പിന് കീഴിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** സഹകരണ വകുപ്പിന് കീഴിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് **'സഹകരണം സൗഹൃദം'** എന്ന വായ്പാ പദ്ധതി നിലവിലുണ്ട്. പ്രോജക്ട് റിപ്പോർട്ടിന്റെ 75 ശതമാനമോ 3 ലക്ഷം രൂപയോ ഏതാണോ കുറവ് അതായിരിക്കും പരമാവധി വായ്പാ തുക. പദ്ധതി പുരോഗതി വിലയിരുത്തി ഗഡുക്കളായാണ് വായ്പ അനുവദിക്കുന്നത്.
- പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറു സംരഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമായി **'സഹായ ഹസ്തം വായ്പാ പദ്ധതി'** നിലവിലുണ്ട്.
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ മുഖാന്തിരം വ്യക്തികൾക്ക് വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുത നിലയങ്ങൾ ആരംഭിക്കുന്നതിന് വായ്പ വിതരണം ചെയ്യുന്നതിനായി **'സൗര ജ്യോതി വായ്പാ പദ്ധതി'** നിലവിലുണ്ട്.
- സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖാന്തിരം ASAP- KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള കോഴ്സ് ഫീ വായ്പയായി നൽകുന്നതിനായി **'നൈപുണ്യം വായ്പാ പദ്ധതി'** നിലവിലുണ്ട്.
- പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ജില്ലകളിൽ ഓരോ ഇൻഡോർ/ ഫുട്ബോൾ/ ക്രിക്കറ്റ്/ ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിനായി പ്രത്യേക പദ്ധതി നിലവിലുണ്ട്.

**(ബി)** പ്രവാസികൾക്കായി സഹകരണ മേഖലയിൽ ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ മാതൃകയിൽ പുതിയ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** നിലവിൽ പരിഗണനയിൽ ഇല്ല.

**(സി)** വിദ്യാർത്ഥികളിൽ സഹകരണ മേഖലയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ സമ്പാദ്യ ശീലം വളർത്തുന്നതിനുമായി പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**മറുപടി:** പുതിയ തലമുറയെ സഹകരണ മേഖലയുടെ ഭാഗമാക്കുന്നതിനും വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും സാമ്പത്തിക സാക്ഷരതയും പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ നിലനിൽപ്പ് ഉറപ്പു വരുത്തുന്നതിനുമായി 'നവനീതം' പദ്ധതി സർക്കാർ ആലോചനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**